82/NSS/DHSE/2019

ഹയർ സെക്കണ്ടറി ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം

19/06/2019

**സർക്കുലർ**

നിശ്ചിത കാലാവധിക്കു മുൻപ് പ്രോഗ്രാം ഓഫീസർമാർ സ്ഥാനം ഒഴിയുന്നത് – കാലാവധി പൂർത്തിയാക്കിയ പ്രോഗ്രാം ഓഫീസർമാർ/ പിഎസി അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് – സംബന്ധിച്ച്

നാഷണൽ സർവ്വീസ് സ്കീം പ്രോഗ്രാം ഓഫീസർമാരുടെ പ്രവർത്തന കാലാവധി മൂന്നുവർഷമായിട്ടാണ് എൻഎസ്എസ് മാനുവൽ അനുസരിച്ച് ക്രമപ്പെടുത്തിയിട്ടുള്ളത് എന്നാൽ തുടരാൻ ആഗ്രഹിക്കുന്നവർക്ക് ഓരോ വർഷം വീതം രണ്ടുവർഷം കൂടി അധികമായി നൽകാവുന്നതാണ്. പ്രോഗ്രാം ഓഫീസർമാർ മൂന്നുവർഷം തുടരുന്നത് അവർക്കുനൽകുന്ന പരിശീലനത്തിന്റെ ഗുണം യൂണിറ്റുകൾക്ക് ഗുണകരമാകും. എന്നാൽ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് ട്രാൻസ്ഫർ, വിരമിക്കൽ, മറ്റുഗുരുതര ആരോഗ്യ പ്രശ്നങ്ങൾ എന്നിവ മൂലമല്ലാതെ സ്ഥാനം ഒഴിയുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള യൂണിറ്റുകൾ എൻറോൾമെന്റ് നടത്തുന്നതിനു മുൻപ് കൃത്യമായ കാരണം ഹയർ സെക്കണ്ടറി എൻഎസ്എസിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനങ്ങൾക്ക് യൂണിറ്റ് തലത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പ്രോഗ്രാം ഓഫീസർമാർ, ക്ലസ്റ്റർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പി.എ.സി.അംഗങ്ങൾ എന്നിവർ തൽസ്ഥാനം ഒഴിയുമ്പോൾ അവർക്ക് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും സർട്ടിഫിക്കറ്റ് നൽകുന്നതിനായി ഇറ്റിഐ/ഡിഎച്ച്എസ്ഇ എൻഎസ്എസ് പരിശീലനം ലഭിച്ച മൂന്നുവർഷം കാലാവധി പൂർത്തിയാക്കിയ പ്രോഗ്രാം ഓഫീസർമാരുടെയും സ്ഥാനം ഒഴിയുന്ന പിഎസി/ഡിസി മാരുടെയും പേരുവിവരം

താഴെ കാണുന്ന പെർഫോമയിൽ പൂർത്തീകരിച്ച് അതാത് ജില്ലാ കൺവീനർമാർ 25/06/2019 ന് മുൻപായി എൻഎസ്എസ് സെല്ലിനെ അറിയിക്കേണ്ടതാണ്.

| District: | | | | |
|---|---|---|---|---|
| Sl.No. | Name & School Address | P.O/P.A.C/D.C(Specify) | From To | ETI/DHSE NSS Training (Date) |
| | | | | |
| | | | | |
| | | | | |
| | | | | Signature of District Convenor |

ഒപ്പ്
ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ